LIBRARY ARCHIVES Kerala Legislative Assembly

നികുതി വരുമാനം

134 (3288) ശ്രീ. കോറിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നിർണ്ണയിച്ചിരിക്കുന്ന മൊത്ത നികുതി വരുമാനം, മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ എത്ര ശതമാനമാണ്; ഇത് 2014-15 വർഷത്തേതിനേക്കാൾ കുറവാണോ കൂടുതലാണോ; വിശദമാക്കുമോ;

(ബി) 2014 വർഷത്തിൽ ബഡ്ജറ്റിൽ നിർണ്ണയിച്ചിരുന്ന നികുതി വരുമാനം ആഭ്യന്തര ഉല്പാദനത്തിന്റെ എത്ര ശതമാനമായിരുന്നു; മുൻ വർഷത്തെ കണക്കുകൾ പ്രകാരം യഥാർത്ഥത്തിൽ എത്ര ശതമാനമാണ് ?

ഉത്തരം

(എ) 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നിർണ്ണയിച്ചിരിക്കുന്ന മൊത്ത നികുതി വരുമാനം മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 10.26 ശതമാനമാണ്. ഇത് 2014-15-ലേതിനെക്കാൾ കുറവാണ്. 2015-16 ലെ മൊത്തം ആഭ്യന്തര ഉല്പാദനം കണക്കാക്കിയിരിക്കുന്നത് Market Price നെ അടിസ്ഥാനമാക്കിയാണ്. എന്നാൽ 2014-15 ൽ ഇത് Constant Price-നെ അടിസ്ഥാനമാക്കിയാണ് ചെയ്തിരിക്കുന്നത്. ഇത്തരത്തിൽ കണക്കാക്കിയപ്പോൾ മൊത്തം ആഭ്യന്തര ഉല്പാദനം കൂടിയതാണ് ഈ വ്യത്യാസത്തിന് കാരണം.

(ബി) 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ നിർണ്ണയിച്ചിരുന്ന നികുതി വരുമാനം, ആഭ്യന്തര ഉല്പാദനത്തിന്റെ 11.14 ശതമാനമായിരുന്നു. മുൻ വർഷത്തെ അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകളെ അടിസ്ഥാനമാക്കി കണക്കാക്കുമ്പോൾ ഇത് യഥാർത്ഥത്തിൽ 9.21 ശതമാനമാണ്

റാന്നി താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ്

135 (3289) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ കാരുണ്യ ബെനവലന്റ് ഫണ്ടിൽ നിന്നും ഡയാലിസിസ് യൂണിറ്റ് അനുവദിച്ചുകൊണ്ട് എന്നാണ് ഉത്തരവായത്; ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഈ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഏതൊക്കെ ആശുപത്രികളിലാണ് ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്;